# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3284 — 14/03/2018-ൽ മറുപടിക്ക്

## പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) | 2008 - ൽ നിലവിൽവന്ന പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പോളിസി അനുസരിച്ച് ഏതെല്ലാം മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രകളിലും, താലൂക്ക് ആശുപത്രികളിലും പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്;വിശദമാക്കുമോ; | എ) | എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും പാലിയേറ്റീവ് കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ ഭവന സന്ദർശനത്തിലൂടെ സാന്ത്വന പരിചരണം നൽകുന്നു. ഹോം കെയർ അഥവാ പ്രൈമറി പാലിയേറ്റീവ് കെയർ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടുകൂടി ചെയ്തുവരുന്നു. സംസ്ഥാനത്തെ എല്ലാ താലൂക്ക്/ജില്ലാ ആശുപത്രികളിലും ദേശീയ ആരോഗ്യമിഷന്റെ സഹായത്തോടുകൂടി സെക്കന്ററി കെയർ പാലിയേറ്റീവ് പരിചരണം നടപ്പിലാക്കി വരുന്നു. ഇത് സംസ്ഥാനത്തെ എല്ലാ താലൂക്ക്/ജില്ലാ ആശുപത്രികളിലും ലഭ്യമാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ പെയിൻ & പാലിയേറ്റീവ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. |
| ബി) | ഏറ്റവും നല്ല രീതിയിൽ പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾ പ്രവർത്തിപ്പിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇതുസംബന്ധിച്ച് പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| സി) | പാലിയേറ്റീവ് കെയർ ആവശ്യമായ രോഗികൾക്ക് മോർഫിൻ അടക്കമുള്ള മരുന്നുകൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ സൗജന്യമായി വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോ? | സി) | സൗജന്യമായി മരുന്നു വിതരണം ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ